സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

എക്സിക്യൂട്ടീവ് എഞ്ചിനീയർ (ശബരിമല ഡവലപ്പ്മെന്റ് പ്രോജക്ട്, പമ്പ) ആഫിസിൽ കോൺട്രാക്റ്റ് വ്യവസ്ഥയിൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) ആയി നിയമിച്ച ശ്രീ. കെ. വിജയൻ ആശാരി (അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കൽ, റിട്ടയേർഡ്) യുടെ സേവന കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 417/15/Est-I** നന്തൻകോട്, **30/04/2018**

---

പരാമർശം :- (1) 18-11-2015 ലെ മേൽ നമ്പർ ഉത്തരവ്.
(2) ചീഫ് എഞ്ചിനീയർ (ജനറൽ) ടെ 06-4-2016 ലെ 983 -ാം നമ്പർ ഉത്തരവ്.
(3) 03-05-2017 ലെ മേൽ നമ്പർ ഉത്തരവ്.
(4) ചീഫ് എഞ്ചിനീയർ (ജനറൽ) ടെ 10-4-2018 ലെ 1162 -ാം നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

പരാമർശം 1, 2 ഉത്തരവുകൾ പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസിൽ (ശബരിമല ഡവലപ്പ്മെന്റ് പ്രോജക്ട്, പമ്പ) കോൺട്രാക്റ്റ് വ്യവസ്ഥയിൽ ഒരു വർഷത്തേക്ക്/പുതിയ നിയമനം നടക്കുന്നതുവരെ (Rs.15,000/month) അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) ആയി നിയമിച്ച ശ്രീ. കെ. വിജയൻ ആശാരിയുടെ സേവന കാലയളവ് ഒരു വർഷത്തേക്ക്/പുതിയ നിയമനം നടക്കുന്നതുവരെ ദീർഘിപ്പിച്ച് പരാമർശം 3 -ൽ ഉത്തരവ് പുറപ്പെടുവിച്ചു.

സമയബന്ധിതമായി തീർക്കേണ്ട വളരെയധികം ഇലക്ട്രിക്കൽ പ്രവർത്തികൾ പമ്പയിലും നിലയ്ക്കലും ഉള്ള സാഹചര്യത്തിലും വരുന്ന 1193 ശബരിമല ഉത്സവങ്ങളുടെ പശ്ചാത്തലത്തിലും ശ്രീ. കെ. വിജയൻ ആശാരിയുടെ സേവനം അത്യാവശ്യമാകയാൽ ടിയാന്റെ സേവനം (ഒരു വർഷത്തേക്കോ സ്ഥിരം നിയമനം വരെയോ ഏതാണോ ആദ്യം വരുന്നത്) ദീർഘിപ്പിച്ച് നൽകി ഉത്തരവുണ്ടാകണമെന്ന് പത്തനംതിട്ട ശബരിമല ഡവലപ്പ്മെന്റ് പ്രോജക്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശുപാർശ ചെയ്തിട്ടുള്ളതാണെന്നും ആയത് സംബന്ധിച്ച് ഉത്തരവുണ്ടാകണമെന്നും വിവരിച്ചുള്ള ചീഫ് എഞ്ചിനീയർ (ജനറൽ) ടെ പരാമർശം 2 റിപ്പോർട്ട് ലഭിച്ചു.

ബോർഡ് ടി വിഷയം പരിശോധിച്ചു ചർച്ച ചെയ്തു.

ശ്രീ. കെ. വിജയൻ ആശാരിയുടെ (റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ) സേവന കാലയളവ് ഒരു വർഷത്തേക്ക്/പുതിയ നിയമനം നടക്കുന്നതുവരെ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

(മറുപുറം)

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനീയർ (ജനറൽ)
3. ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ
4. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
5. The incumbent
6. ഇ.ഡി.പി. സെക്ഷൻ
7. സെക്ഷൻ ഫയൽ
8. ഫയൽ ബുക്ക്
9. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK